# 4

# ശബ്ബത്ത്, ശൂന്യതയെ നിറയ്ക്കുന്നു

(തെക്കൻ കൊറിയ - സൂൺ അ ബ്യൂൺ)

തെക്കൻ കൊറിയയിൽ സഭകൾ സ്ഥാപിക്കുമ്പോൾ ദൈവം എന്നെ വർഷങ്ങളായി സഹായിക്കുന്നു. ഞാൻ ഒരു ചെറിയ ഗ്രാമത്തിൽ പ്രസംഗിക്കും. അവിടെ ഒരു 40 പേർ സത്യം സ്വീകരിച്ച് ഒരു കൂട്ടമാകുമ്പോൾ ദൈവം എന്നെ വേറെ ഒരു സ്ഥലത്തേക്ക് കൊണ്ടുപോകും.

ഞാൻ ദൈവവേലയിൽ ആയിരക്കവേ തന്നെ എന്നിൽ എന്തോ കുറവുള്ളതുപോലെ എനിക്ക് അനുഭവപ്പെട്ടു. ഞാൻ സുവിശേഷം പ്രസംഗിക്കുമ്പോൾ എന്നിൽ നല്ല സന്തോഷമായിരിക്കും. പക്ഷേ അത് പെട്ടെന്ന് നിലച്ചുപോകും. എന്റെ ആ ശൂന്യത മാറ്റുന്നതിനു ഞാൻ വേദശാസ്ത്രം പഠിച്ച് എന്റെ ഭർത്താവിനെപോലെ മുഴുസമയ പാസ്റ്റർ ആയി. പക്ഷേ ആ ശൂന്യത എന്നിൽ നിലനിന്നു.

ഒരു ദിവസം ഒരു സെവന്ത്ഡേ അഡ്വന്റിസ്റ്റ് ഗ്രന്ഥ സുവിശേഷിക എന്റെ ഭവനത്തിൽ വന്നു. അവൾ കുറച്ച് പുസ്തകങ്ങൽ എനിക്ക് നല്കി. അങ്ങനെ എന്റെ ഭർത്താവ് അഡ്വന്റിസ്റ്റ് ചർച്ചിൽ സംബന്ധിക്കാൻ തുടങ്ങി. പക്ഷേ ഞാൻ ധരിച്ചത് അദ്ദേഹം ഞായറാഴ്ച പള്ളിയിലെ പ്രത്യേക മീറ്റിങ്ങുകളിൽ ശനിയാഴ്ച സംബന്ധിക്കുവാൻ പോകുന്നു എന്നായിരുന്നു. എന്നാൽ ഒരുദിവസം ഞാൻ അദ്ദേഹത്തിന്റെ മേശ വൃത്തിയാക്കിയപ്പോൾ അഡ്വന്റിസ്റ്റ് സഭയുടെ ബുള്ളറ്റിൻ എനിക്ക് ലഭിച്ചു.

ആ ദിവസം ഞാൻ ഒന്നും മിണ്ടിയില്ല. അടുത്ത ദിവസം ഞായറാഴ്ചയായിരുന്നു. അതുകൊണ്ട് അന്നും ഞാൻ മിണ്ടിയില്ല. തിങ്കളാഴ്ച ഞാൻ ഭർത്താവിനെ അഭിമുഖീകരിച്ചു. "താങ്കൾ ഒരു പുരോഹിതനാണ്" നിങ്ങൾക്ക് എങ്ങനെ ആ ദുരുപദേശകരുടെകൂടെ കൂടാനാകും?

നിനക്കറിയില്ല. ഭർത്താവ് പറഞ്ഞു. അവർ ദുരുപദേശക്കാർ അല്ല. അവരിൽ സത്യമുണ്ട്. അതിനുശേഷം ഞാൻ വീട്ടിലുണ്ടായിരുന്ന അഡ്വന്റിസ്റ്റ് പുസ്തകങ്ങൾ രഹസ്യമായി വായിക്കാൻ തുടങ്ങി. എന്റെ ഭർത്താവ് വീട്ടിൽ ഇല്ലാത്തപ്പോഴൊക്കെ ഞാൻ ആ പുസ്തകങ്ങൾ വായിക്കുമായിരുന്നു. എന്റെ അഹന്തയ്ക്ക് ക്ഷതം സംഭവിച്ചു.

**ആഗ്രഹം വർദ്ധിച്ചു**

അഡ്വന്റിസ്റ്റുകാരുടെ ഉപദേശത്തിൽ എനിക്ക് താത്പര്യം തോന്നി. ഗ്രന്ഥ സുവിശേഷക എന്നെ ഒരു ആരോഗ്യ സെമിനാറിനു സംബന്ധിക്കാൻ

ക്ഷണിച്ചു. അഡ്വന്റിസ്റ്റുകാർ ദുരുപദേശക്കാർ ആണോ എന്ന് വിലയിരുത്തുന്നതിന് ഞാൻ ഈ സമയം ചിലവഴിച്ചു.

ആരോഗ്യ സെമിനാർ ദിവസങ്ങൾ നീണ്ടുനിന്നു. മൂന്നാം ദിവസം കൊറിയയിലെ ഒരു ചൈനക്കാരി എന്റെ അടുക്കൽ വന്ന് "പാസ്റ്റർ, ഈ സഭ ദുരുപദേശസഭയാണെന്ന് ആളുകൾ പറയുന്നു. താങ്കളുടെ അഭിപ്രായം എന്താണ്?" ഈ സഭയ്ക്ക് സത്യമുണ്ട്. ശബ്ബത്തും സത്യമാണ്. ഞാൻ എന്തിനാണ് അങ്ങനെ പറഞ്ഞത് എന്ന് എനിക്ക് ഇപ്പോഴും അറിയില്ല.

എന്നോടു ചോദിച്ച കൊറിയയിലെ ചൈനക്കാരിക്ക് എന്റെ ഉത്തരം ബോധിച്ചു. "അങ്ങനെ എങ്കിൽ അടുത്ത ആഴ്ചമുതൽ ഞാൻ എന്റെ മകളുമായി നിങ്ങളുടെ ഈ പള്ളിയിൽ വരാൻ ആഗ്രഹിക്കുന്നു" എന്നു പറഞ്ഞു.

"ഇതല്ല എന്റെ പള്ളി. അതു കുറച്ച് ദൂരെയാണ്. ഞാൻ വെറുതെ ഇവിടെ വന്നതാണ്. ഇവിടെയുള്ളവർ നിങ്ങളെ നോക്കിക്കൊള്ളും" ഞാൻ പറഞ്ഞു.

ഒടുവിൽ ആ സ്ത്രീ സ്നാനപ്പെട്ടു എന്ന് ഞാൻ അറിഞ്ഞു. ഞാൻ അഡ്വന്റിസ്റ്റുകാരി അല്ലെങ്കിലും ഞാൻ ആദ്യമായി അഡ്വന്റിസ്റ്റുകാരി ആക്കുന്നത് ആ ചൈനക്കാരിയെ ആയിരുന്നു.

ആരോഗ്യ സെമിനാർ തീർന്നതിനുശേഷം ഞാൻ ആദ്യമായി അഡ്വന്റിസ്റ്റ് പള്ളിയിൽ പോയി. അതൊരു ദുരുപദേശ സഭയാണെന്ന് പ്രസ്താവിക്കുന്നതിന് ഞാൻ പല കാരണങ്ങൾ അന്വേഷിച്ചു. പക്ഷേ എനിക്ക് ഒന്നും കണ്ടെത്താനായില്ല. അഡ്വന്റിസ്റ്റുകാർ ബൈബിൾ വളരെ ശരിയായി പാലിക്കുന്നവർ ആണെന്ന് മനസ്സിലായി.

**യേശുവിൽ നിന്നുമുള്ള ദൂത്**

എനിക്ക് സ്നാനപ്പെടണമെന്ന് ആഗ്രഹമുണ്ട്. പക്ഷേ എന്റെ ഭർത്താവിനോടൊപ്പം ഞാൻ വർഷങ്ങൾക്കു മുൻപ് സ്നാനപ്പെട്ടിട്ടുണ്ട്. ഞാൻ പ്രാർത്ഥിച്ചു.

"ഞാൻ എന്തിന് വീണ്ടും സ്നാനപ്പെടണം?" ദൈവം എനിക്ക് ഉത്തരം തന്നു. "നീ സ്വന്തമായി തീരുമാനമെടുക്കണം" ഒടുവിൽ ഞാൻ വീണ്ടും സ്നാനപ്പെടുവാൻ തീരുമാനിച്ചു.

ഏകദേശം ആ സമയത്ത് ഒരു അഡ്വന്റിസ്റ്റ് വിശ്വാസി എന്റെ ഭവനത്തിൽ വന്നു. ഞങ്ങൾ സംസാരിച്ചിരിക്കെ ഞാനും ഭർത്താവും സ്നാനപ്പെടണമെന്ന് അദ്ദേഹം പറഞ്ഞു. ഞാൻ ഈ വിഷയത്തെ പ്രാർത്ഥനയിൽ വയ്ക്കാം

എന്ന് എന്റെ ഭർത്താവ് പറഞ്ഞു. അങ്ങനെ ഫെബ്രുവരി 2017 ൽ ഞങ്ങൾ ഇരുവരും സ്നാനപ്പെട്ടു.

എന്റെ ഏഴ് സഹോദരങ്ങൾ സ്നാനപ്പെടണം എന്നതാണ് എന്റെ ഇപ്പോഴത്തെ ആഗ്രഹം. ഈ ശബ്ദത്ത് സത്യം അറിയാത്ത ഉൾഗ്രാമ പ്രദേശത്ത് പോയി എനിക്ക് അവരെ ഈ സദ്വർത്തമാനം അറിയിക്കണം. ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുക.

ഇപ്പോൾ എനിക്ക് ആ പഴയ ശൂന്യത അനുഭവപ്പെടുന്നില്ല. യേശുവിന്റെ സ്നേഹം എന്നിൽ നിറഞ്ഞു നില്ക്കുന്നു.

◈ ◈ ◈